**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 325** **10-06-2024 - ൽ മറുപടിയ്ക്ക്**

**ത്രിതല പഞ്ചായത്തുകളെ ശക്തിപ്പെടുത്താനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ജനങ്ങളുടെ സമഗ്രവികസനത്തിന് ത്രിതല പഞ്ചായത്തുകളെ ശക്തിപ്പെടുത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | ത്രിതല പഞ്ചായത്തുകളെ ശക്തിപ്പെടുത്തുന്നതിന് ചുവടെപ്പറയും പ്രകാരമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്.<br><br>വികസന- ക്ഷേമ-സേവന പ്രവർത്തനങ്ങൾക്ക് വാർഷിക പദ്ധതി സമഗ്രമായി ഉപയോഗപെടുത്തുക, ഇ-ഗവേർണൻസ് ഉപയോഗപെടുത്തി അഴിമതി രഹിത സദ്ഭരണം സാധ്യമാക്കൽ, മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ, ഫ്രണ്ട് ഓഫീസ്, ഐ എസ് ഒ സർട്ടിഫിക്കേഷൻ, സിറ്റിസൺ സർവ്വീസ് പോർട്ടൽ, ഐ എൽ ജി എം എസ് സംവിധാനം, ഇതിന്റെ തുടർച്ചയായി കെ-സ്മാർട് പ്ലാറ്റ്ഫോമും മൊബൈൽ ആപ്ലിക്കേഷനും, ഉപജില്ലാ, ജില്ലാ, സംസ്ഥാന അദാലത്ത് സംവിധാനം, സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ, വാതിൽപ്പടി സേവനം, കുടുംബശ്രീ സംവിധാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായക സംവിധാനമായി മാറ്റുന്നതിനുള്ള നടപടി, ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരണം, വിവിധ തരത്തിലുള്ള അധിക തസ്തികകൾ ലഭ്യമാക്കൽ, ജന പ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും വിപുലമായ പരിശീലനം, കെട്ടിട നിർമ്മാണ ചട്ടങ്ങളുടെയും നടപടി ക്രമങ്ങളുടേയും ലഘൂകരണം, വരുമാന വർദ്ധനവിനുള്ള നടപടികൾ, വിവാഹ രജിസ്ട്രേഷൻ നടപടികൾ ലളിതമാക്കൽ, തൊഴിലുറപ്പ് പദ്ധതി മാതൃകാപരമായി നടപ്പാക്കാൻ സാഹചര്യം ഒരുക്കൽ, ദുരന്തനിവാരണം, കാലാവസ്ഥ വ്യതിയാനം, സുസ്ഥിര വികസന സൂചികകൾ തുടങ്ങിയ മേഖലകളിലും ആവശ്യമായ പിന്തുണ നൽകൽ എന്നിങ്ങനെ വിവിധ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സുസ്ഥിരമായ പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവ കേന്ദ്രങ്ങളായി |

| | | | |
|---|---|---|---|
| | | | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മാറ്റുന്നതിന് ലക്ഷ്യമിടുന്ന പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന നടപടികളും സ്വീകരിച്ചു വരുന്നു. ആയിരത്തിൽ അഞ്ച് പേർക്ക് തൊഴിൽ എന്നുള്ള അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനത്തിൽ തൊഴിൽ പദ്ധതികൾ രൂപപ്പെടുത്തി പ്രാദേശിക സാമ്പത്തിക വികസന പദ്ധതി ത്രിതല പഞ്ചായത്തുകൾ മുഖാന്തരം നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. |
| (ബി) | പ്രായമായവരുടെ പരിചരണം, സാമൂഹിക ഉച്ചനീചത്വങ്ങൾക്കെതിരെ പ്രതിരോധം, അതിദരിദ്രരെ സംരക്ഷിക്കൽ, കാൻസർ ഉൾപ്പെടെ മാരക രോഗം ബാധിച്ചവരുടെ ചികിത്സ, വിധവകളെ സംരക്ഷിക്കൽ എന്നിവ ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ, നഗരഭരണ സ്ഥാപനങ്ങൾ എന്നിവയുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള 19/04/2022 തീയതിയിലെ സ.ഉ.(കൈ) നം.84/2022/തസ്വഭവ നമ്പർ മാർഗ്ഗരേഖകൾ ഖണ്ഡിക 5.4(10) പ്രകാരം ഗ്രാമ - ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾ, നഗരഭരണ സ്ഥാപനങ്ങൾ പൊതുവിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയതുകയുടെ 5% വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനുമായി നിർബന്ധിത വകയിരുത്തൽ നടത്തണമെന്നു നിർദേശിച്ചിട്ടുള്ളതും ആയതുപ്രകാരമുള്ള പദ്ധതികൾ ത്രിതല പഞ്ചായത്തുകൾ ആവശ്യകത അനുസരിച്ച് നടപ്പിലാക്കിവരികയും ചെയ്യുന്നുണ്ട്.<br><br>മദ്യാപാനം മയക്കുമരുന്നുകളുടെ ഉപയോഗം, സ്ത്രീധനം, സ്ത്രീകളേയും കുട്ടികളേയും പീഡിപ്പിക്കൽ തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെയുള്ള ബോധവൽക്കരണം, പൗരധർമ്മത്തെവപ്പറ്റി ബോധവൽക്കരണം എന്നിവ നടപ്പിലാക്കുന്നതിന് കേരള പഞ്ചായത്ത് രാജ്, മുനിസിപ്പലിറ്റി ചട്ടങ്ങൾ പ്രകാരം എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും അനുമതി നൽകിയിട്ടുണ്ട്.<br><br>അതിദാരിദ്ര്യ നിർമ്മാർജനത്തനായി ഇ.പി.ഇ. പി ( Extreme poverty eradication programme) എന്ന പേരിൽ 2025 ൽ അവസാനിക്കുന്ന സമാനതകളില്ലാത്ത പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിവരുന്നു. ഇതിലൂടെ ഇതുവരെ യാതൊരു പരിരക്ഷയും ലഭിക്കാത്ത അഗതി കുടുംബങ്ങളെ കണ്ടെത്തുവാനും അർഹതയില്ലാതെ ആനുകൂല്യം വാങ്ങുന്നവരെ കണ്ടെത്തുവാനും കുടുംബശ്രീ മുഖേനസർവ്വേ നടത്തി നടപടി സ്വീകരിക്കുന്നു. ഗുണഭോക്താക്കൾക്ക് |

| | | | |
|---|---|---|---|
| | | | അതിജീവനാവശ്യങ്ങളായ ഭക്ഷണം, ചികിൽസ സഹായം, വസ്ത്രം, പെൻഷൻ, മക്കളുടെ വിദ്യാഭ്യാസത്തിനുള്ള സഹായം, ഭവനരഹിതർക്ക് അടിസ്ഥാനസൗകര്യങ്ങളായ വീട്, കുടിവെള്ളം, ശുചിത്വ സംവിധാനം എന്നിവയും പദ്ധതി ലക്ഷ്യമിടുന്നു. അഗതികുടുംബാംഗങ്ങളെ ഘട്ടംഘട്ടമായി സ്വയം പര്യാപ്തതയിലേക്ക് നയിക്കുന്നതിന് തൊഴിൽ പരിശീലനവും സ്വയം തൊഴിൽ പദ്ധതികൾ ആരംഭിക്കുന്നതിന് കേന്ദ്രസംസ്ഥാന പദ്ധതികളിലൂടെ ധനസഹായവും പദ്ധതിവഴി സാധ്യമാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.<br><br>പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ ഖണ്ഡിക 8.7.2(1) പ്രകാരം ത്രിതല പഞ്ചായത്തുകൾക്ക് ക്യാൻസർ, കിഡ്നി കരൾ രോഗങ്ങൾ എന്നിവ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള പരിശോധന ക്യാമ്പുകൾ നടത്തുന്നതിനുള്ള പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കാവുന്നതാണ്. ഖണ്ഡിക 8.8.1(1) പ്രകാരം ശിശുക്കൾ, കുട്ടികൾ ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, വിവാഹമോചിതരായ സ്ത്രീകൾ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ, അവിവിഹാതിരായ അമ്മമാർ, ചൂഷണത്തിനും അതിക്രമതതിനും ഇരയായ സ്ത്രീകൾ, ഗുരുതര രോഗം ബാധിച്ചവർ, അഗതികൾ, കിടപ്പുരോഗികൾ, സാമൂഹ്യസുരക്ഷ ആവശ്യമായ മറ്റ് വിഭാഗങ്ങൾ, മാനസിക വെല്ലുവിളി നേരിടുന്നവർ എന്നിവരുടെ ഉന്നമനത്തിനായി വിവിധ പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിന് നിർദേശിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. |
| (സി) | കലാകായിക രംഗങ്ങളിൽ യുവജനങ്ങളെ സഹകരിപ്പിച്ചുകൊണ്ട് സാമൂഹിക മുന്നേറ്റ പരിപാടികളും ആരോഗ്യ സംബന്ധമായ നിരന്തര ബോധവൽക്കരണങ്ങളും നടത്തുന്നതിന് ത്രിതല പഞ്ചായത്തുകൾക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകുന്നതിനു നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | സർക്കാർ ആഭിമുഖ്യത്തിൽ നടത്തുന്ന കേരളോത്സവം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കായികരംഗങ്ങളിൽ മുന്നേറാൻ അവസരം നൽകുന്നുണ്ട്. നിലവിൽ ഉള്ള പ്രവർത്തനങ്ങളിൽ അധികമായ നടപടികൾ ഇപ്പോൾ പരിഗണനയിലില്ല. കളിസ്ഥലങ്ങൾ പുതുതായി ഏർപ്പെടുത്തൽ, നിലവിലുള്ളവ മെച്ചപ്പെടുത്തൽ, ഓപ്പൺ ജിം മുതലായ സംവിധാനങ്ങൾ തുടങ്ങിയ നടപടികളും സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ